520
02.02.2022.

**07/12/2021 05:34 PM** **RAJESH KUMAR M**
**AS-GAD(AIS C)**

---

**Note # 9**

**07/12/2021 05:46 PM** **MANIKANTAN R**
**US-GAD (AIS)**

---

**Note # 10**

**07/12/2021 05:47 PM** **ANIL KUMAR K S**
**SO-GAD(AIS-C)**

---

**Note # 11**

No.688/SC2/2021/GA(SC) General Administration(SC) Dept.
No.AIS-C1/201/2021-GAD
Dated: 04.02.2022

"General Administration (AIS-C) Department may, be informed that the meeting of the Council of Ministers held on 02.02.2022 has approved the recommendation of the Screening Committee meeting held on 20.01.2022 to include following 1992 batch IFS officers in the panel for promotion to the Principal Chief Conservator of Forests Grade of IFS. Appointment may be made subject to the availability of vacancy.

(i) Shri. Rajan Sehgal IFS (Central Deputation)

(ii) Dr. Amit Mallick IFS (Central Deputation)

A copy of the minutes of the Screening Committee meeting held on 20.01.2022 is enclosed."

for Special Secretary

To



Generated from eOffice by SUNIL KUMAR K, US GA (SC), US GA (SC), GAD on 04/02/2022 03:15 PM

The General Administration(AIS-C) Department.

IFS-SCM-PCCF-1992 Batch-Minutes-200122.pdf

**04/02/2022 02:17 PM** **RAJESH.M**
**ASST (SC2) GA(SC)**

---

**Note # 12**

**04/02/2022 03:15 PM** **SUNIL KUMAR. K**
**US GA (SC)**

---



Generated from eOffice by SUNIL KUMAR. K, US GA (SC), US GA (SC), GAD on 04/02/2022 03:15 PM

-39-

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-02-2022

ഫയൽ നം. 688/എസ്.സി.2/2021/പൊ.ഭ.(എസ്.സി.). ഇനം നം: 520

വിഷയം : പൊതുഭരണ വകുപ്പ് - ഐ.എഫ്.എസ്. - 1992 ബാച്ചിലെ ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്ക് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പദവിയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള പാനലിൽ ഉൾപ്പെടുത്തുന്നതിനായി 20.01.2022-ൽ കൂടിയ പരിശോധനാ സമിതി യോഗത്തിന്റെ ശിപാർശ അംഗീകരിക്കുന്നത്.

78) തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ(എസ്.സി.) വകുപ്പ്.

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | 688/എസ്.സി2/2021/പൊ.ഭ (എസ്.സി) |
| 2. | വകുപ്പ് | : | പൊതുഭരണ (എസ്.സി) വകുപ്പ് |
| 3. | വിഷയം | : | ഐ.എഫ്.എസ് - 1992 ബാച്ചിലെ ഐ.എഫ്.എസ് ഉദ്യോഗസ്ഥർക്ക് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പദവിയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള പാനലിൽ ഉൾപ്പെടുത്തുന്നതിനായി 20.01.2022ൽ കൂടിയ പരിശോധനാ സമിതി യോഗത്തിന്റെ ശിപാർശ അംഗീകരിക്കുന്നത്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 27.01.2022 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | -- |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ആർ. ഗോപകുമാർ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | -- |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | -- |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി പി ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.01.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 27.01.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27.01.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1992 ബാച്ചിലെ ഐ.എഫ്.എസ് ഉദ്യോഗസ്ഥർക്ക് ഐ.എഫ്.എസ്-ന്റെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പദവിയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള പാനലിൽ ഉൾപ്പെടുത്തുന്നതിനായി 20.01.2022-ൽ കൂടിയ പരിശോധനാ സമിതി യോഗത്തിന്റെ ശിപാർശ അംഗീകരിക്കുന്നതു സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്) എന്നിവരടങ്ങുന്ന പരിശോധനാ സമിതി 20.01.2022-ന് യോഗം ചേർന്ന് 1992 ബാച്ചിലെ താഴെപ്പറയുന്ന ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്ക് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പദവിയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള യോഗ്യത പരിശോധിച്ചു

I) ശ്രീ. രാജൻ സെഹ്ഗാൾ ഐ.എഫ്.എസ്. (സെൻട്രൽ ഡെപ്യൂട്ടേഷൻ)
ii) ഡോ. അമിത് മല്ലിക് ഐ.എഫ്.എസ്. (സെൻട്രൽ ഡെപ്യൂട്ടേഷൻ)

3. മുമ്പ് ഡിഎഫ്ഒ ആയിരുന്ന ഡോ. അമിത് മല്ലിക്കിനെതിരെ 29.10.2002-ന് വിജിലൻസ് കേസ് (VC 08/2002/IDK) രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഈ കേസ് ഇപ്പോൾ ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ കോടതി മുമ്പാകെ CC No. 6/16, 7/16, 8/16, 9/16 ആയി വിചാരണയിലാണെന്നും സമിതി നിരീക്ഷിച്ചു.

4. 1992 ബാച്ചിലെ ഐ.എഫ്.എസ് ഉദ്യോഗസ്ഥർക്ക് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഗ്രേഡായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള യോഗ്യത വിലയിരുത്തുന്നതിനായി 06.12.2016-ന് ചേർന്ന പരിശോധന സമിതി യോഗത്തിന്റെ തീരുമാനവും ഡോ. അമിത് മല്ലിക് ഐ.എഫ്.എസ്.(കെ.എൽ.1992)-ന്റെ കാര്യത്തിൽ സ്വീകരിച്ച മുദ്രവച്ച കവർ അവലോകനം ചെയ്യുന്നതിനായി 20.03.2017-ന് ചേർന്ന അവലോകന സമിതി യോഗത്തിന്റെ തീരുമാനവും സമിതി ശ്രദ്ധാപൂർവ്വം പരിശോധിച്ചു.

5. ഡോ. അമിത് മല്ലിക് ഐ.എഫ്.എസ്.-നെതിരെ VC 08/2002/IDK നമ്പർ പ്രകാരം വിജിലൻസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്, CC 28/10 നമ്പരായി കോട്ടയം വിജിലൻസ് കോടതിയിൽ പ്രോസിക്യൂഷൻ നടപടിയിലിരിക്കെ, എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ കോടതിയിലേക്ക് മാറ്റിയ പ്രസ്തുത കേസിൽ വിചാരണ നടന്നുവരുന്നതിനാൽ 06.12.2016-ന് ചേർന്ന പരിശോധന സമിതി യോഗം അദ്ദേഹത്തെ സംബന്ധിച്ചുള്ള കണ്ടെത്തലുകൾ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിലെ ഖണ്ഡിക 11.2 പ്രകാരം മുദ്രവച്ച കവറിൽ സൂക്ഷിക്കുവാൻ തീരുമാനിച്ചിരുന്നു.

6. മുദ്രവച്ച കവർ അവലോകനം ചെയ്യുന്നതിനായി 20.03.2017 ന് ചേർന്ന അവലോകന സമിതി ഡോ. അമിത് മല്ലിക് സമർപ്പിച്ച നിവേദനങ്ങൾ പരിഗണിച്ചു. ബഹു. വിചാരണ കോടതിയോ ഏതെങ്കിലും അച്ചടക്ക അധികാരിയോ തനിക്കെതിരെയുള്ള വിജിലൻസ് കേസിൽ (VC 8/2002/IDK) ആ തീയതി വരെ ചാർജ്ജ് ഷീറ്റൊന്നും നൽകിയിട്ടില്ലെന്ന് പ്രസ്തുത നിവേദനങ്ങളിൽ ഡോ. അമിത് മല്ലിക് വാദിച്ചിരുന്നു. പ്രസ്തുത കേസിൽ വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ട പ്രോസിക്യൂഷൻ അനുമതി രണ്ട് ഡിവിഷനുകൾക്കും മൊത്തത്തിൽ ബാധകമാണെന്നും അതിനാൽ നിയമപരമായി അതിന് സാധുതയില്ലെന്നുമുള്ള ഡോ. അമിത് മല്ലിക്കിന്റെ വാദം അവലോകന സമിതി നിരീക്ഷിച്ചു. ഇക്കാര്യത്തിൽ ഡോ.അമിത് മല്ലിക്കിനെ കൂടാതെ അദ്ദേഹം ഫോറസ്റ്റ് ഡിവിഷണൽ ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്ന കോതമംഗലം ഡിവിഷൻ ജീവനക്കാരുടെയും പങ്കാളിത്തത്തിന്റെ വ്യാപ്തി വളരെ കുറവാണെന്നും അതായത് ആകെ തുകയായ 12,38,204/- രൂപയിൽ 30,908/- രൂപ മാത്രമാണെന്നും വനം വകുപ്പ് മേധാവി അറിയിച്ചിരുന്നു. മേൽപ്പറഞ്ഞ കേസുകൾ ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ കോടതിയിലേക്ക് മാറ്റുകയും, ബഹുമാനപ്പെട്ട കോടതി CCs 6/2016, 7/2016, 8/2016, 9/2016 ആയി ഫയലിൽ സ്വീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

7. ഈ വിഷയത്തിൽ നിയമവകുപ്പിന്റെ താഴെപ്പറയുന്ന അഭിപ്രായവും അവലോകന സമിതി പരിഗണിച്ചു.

*"......The screening committee relied on the Government of India's instructions and the judgment of the Hon'ble Supreme Court in Union of India Vs*

*K.V.Janakiraman(AIR 1991 SC 2010) to conceal its decision in a sealed envelop. The Hon'ble Supreme Court observed that the sealed cover procedure is permissible when the charge sheet in a criminal prosecution was issued to the employee.*

*The incumbent sought review this decision contending that no charge sheet was issued to him by the court and though the VACB filed a final report under S.173(2)Cr.PC. 'The term issuance of charge sheet to the employee, stated by the Hon'ble Supreme Court has been interpreted to mean framing of the charge by the trial court in Sasidharan Vs State of Kerala and Others (2008(4)KHC 146) by a Single Bench of the Hon'ble High Court. The interpretation is re-iterated by a Division Bench of the Hon'ble High Court in Union of India and Others Vs Radhamoni S Menon and Another (2012(2) KHC 679)'. Mere issuance of a copy of the final report to the accused facing criminal prosecution is not enough to attract the sealed cover procedure, but a charge has to be framed under S.211 CrPC against such a person.*

*The opinion of this department was that sealed cover procedure in respect of the promotion of Sri.Amit Mallick is not required, since the court has not framed charge against him."*

8. ഡോ.അമിത് മല്ലിക്കിനെതിരെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പ്രോസിക്യൂഷൻ അനുമതി മുദ്രവച്ച കവർ നടപടിക്രമങ്ങൾ സ്വീകരിക്കുന്നത് സംബന്ധിച്ച പ്രമോഷൻ മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 11.2 -ന്റെ പരിധിയിൽ വരുന്നതിനാൽ ഇക്കാര്യത്തിൽ നിയമവകുപ്പ് നൽകിയ താഴെപ്പറയുന്ന അഭിപ്രായവും സമിതി പരിഗണിച്ചു.

*"Please see the opinion of the Law Department dated 11.1.2017. The opinion of this department was that sealed cover procedure in respect of the promotion of Sri. Amit Mallick is not required, since the court has not framed charge against him. Supporting authorities were also cited in that opinion. The administrative department may accept that opinion and act accordingly. No more clarification is really required in this subject."*

9. 20.03.2017-ന് ചേർന്ന അവലോകന സമിതി യോഗം, കേസിന്റെ മുഴുവൻ വസ്തുതകൾ പരിശോധിച്ചും, നിയമ വകുപ്പിന്റെ അഭിപ്രായം പരിഗണിച്ചും, ഡോ. അമിത് മല്ലിക് ഐ.എഫ്.എസ്. (KL: 1992) ന്റെ കാര്യത്തിലുള്ള മുദ്രവച്ച കവർ തുറക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് അദ്ദേഹത്തിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഗ്രേഡിലേക്ക് സ്ഥാനക്കയറ്റം നൽകുകയും ചെയ്തിരുന്നു.

10. 20.01.2022 ന് ചേർന്ന പരിശോധന സമിതി, ഡോ. അമിത് മല്ലിക്കിനെതിരെ CrPC വകുപ്പ് 211 പ്രകാരം CC No. 6/16, 7/16, 8/16, 9/16 കേസ്സുകളിൽ ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപ്പുഴ കോടതി കുറ്റം ചുമത്തിയിട്ടില്ലെന്ന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ, ബഹു. മൂവാറ്റുപുഴ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, കോടതിയിലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരുടെ മറുപടിയും മേൽപ്പറഞ്ഞ വിജിലൻസ് കേസുകൾ കോടതി പരിഗണനയിലിരിക്കെതന്നെ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആയും 2012-ൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പദവിയിലേയ്ക്കും 2017-ൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പദവിയിലേയ്ക്കും ഉദ്യോഗക്കയറ്റം ലഭിച്ചുണ്ടെന്ന വനം വകുപ്പ് മേധാവിയുടെ റിപ്പോർട്ടും പരിഗണിച്ചു

11. 20.03.2017-ന് ചേർന്ന അവലോകന സമിതിയുടെ കണ്ടെത്തലുകളും ഈ വിഷയത്തിൽ നിയമവകുപ്പ് മുമ്പ് രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായങ്ങളും ഉൾപ്പെടെ മുഴുവൻ വസ്തുതകളും പരിശോധിച്ച ശേഷം, മുകളിൽ പറഞ്ഞിരിക്കുന്ന 1992 ബാച്ചിലെ ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ പേരിൽ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ ഉദ്യോഗക്കയറ്റം സംബന്ധിച്ച് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ വിവക്ഷിക്കുന്ന രീതിയിലുള്ള അച്ചടക്ക നടപടികൾ/ വിജിലൻസ് കേസ്സുകൾ/വിജിലൻസ് അന്വേഷണങ്ങൾ യാതൊന്നും നിലവിലില്ലെന്നും പ്രസ്തുത ഉദ്യോഗസ്ഥരുടെ പ്രവർത്തനം തൃപ്തികരമാണെന്നും സമിതി കണ്ടെത്തി

12. വാർഷിക രഹസ്യ രേഖകളും/പ്രവൃത്തി നിർണ്ണയ റിപ്പോർട്ടുകളും ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധിച്ചതിൽ മുകളിൽ പറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്

ഫോറസ്റ്റ്സ് പദവിയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള പാനലിൽ ഉൾപ്പെടുത്തുന്നതിന് യോഗ്യതയുണ്ടെന്ന് സമിതി കണ്ടെത്തി.

13. സ്ഥാനക്കയറ്റത്തിനായി സമിതി ശിപാർശ ചെയ്യുന്ന പട്ടികയ്ക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം വേണമെന്ന് ഐ.എഫ്.എസ് അംഗങ്ങളുടെ സ്ഥാനക്കയറ്റവും ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റിയുടെ ഘടനയും സംബന്ധിച്ച മാർഗ്ഗ രേഖകളിൽ പറയുന്നുണ്ട്. ഒഴിവുണ്ടാകുന്ന മുറയ്ക്ക് അംഗീകരിച്ച പാനലിൽ നിന്നും നിയമനം നടത്താവുന്നതാണ്.

14. ഇക്കാര്യം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

ഖണ്ഡിക 2 ൽ പറഞ്ഞിട്ടുള്ള 1992 ബാച്ചിലെ ഐ.എഫ്.എസ് ഉദ്യോഗസ്ഥർക്ക് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പദവിയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള പാനലിൽ ഉൾപ്പെടുത്തുന്നതിന് 20.01.2022 ൽ കൂടിയ പരിശോധനാ സമിതി യോഗത്തിന്റെ ശിപാർശ അംഗീകരിക്കാവുന്നതാണോ ?